**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *364 — 13.11.2019-ൽ മറുപടിക്ക്

## പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ<br>,, കെ.വി.വിജയദാസ്<br>,, കെ. ആൻസലൻ<br>,, കാരാട്ട് റസാഖ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ജനനി ജന്മരക്ഷാ പദ്ധതി ഉൾപ്പെടെ പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | എ) | • പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായാണ് 'ജനനീ-ജന്മരക്ഷാ' പദ്ധതി നടപ്പിലാക്കുന്നത്. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് 1 വയസ് തികയും വരെ പ്രതിമാസ ധനസഹായം നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രതിമാസ ധനസഹായം 1000/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിച്ചു. ഇതുവരെ 38140 പേർക്കായി 50.35 കോടി രൂപ ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>• സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർക്ക് ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരം 95,000 പേർക്ക് 88.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9.54 കോടി രൂപ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | • പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും, സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും, 4 ANM (Auxillary Nurse & Midwifery Centre) സെന്ററുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.) ന് കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 663.78 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>• മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു.<br><br>• സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനസഹായം 2000/- രൂപയിൽ നിന്നും 2500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2838 പേർക്ക് 6.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി) | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ജനനി ജന്മരക്ഷ പദ്ധതി കൂടാതെ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• വർഷകാലത്തും പഞ്ഞ മാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, ഓണക്കാലത്ത് ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. ഈ സാമ്പത്തികവർഷം 25 കോടി രൂപ ഇതിനായി വകയിരുത്തി. ഭക്ഷ്യസഹായ പദ്ധതിയുടെ ആനുകൂല്യം 80,606 പേർക്ക് ലഭിച്ചു. 1,60,090 പേർക്ക് ഓണക്കിറ്റ് വിതരണം |

| | | | |
|---|---|---|---|
| | | | നടത്തി.<br><br>• അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു.<br><br>• അട്ടപ്പാടിമേഖലയിൽ പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRCകൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു.<br><br>• അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു.<br><br>• പട്ടികവർഗ്ഗക്കാരുടെയും വകുപ്പിനു കീഴിലെ വിവിധ ഫാമുകളുടെയും കൈവശമുള്ള ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടമായി അട്ടപ്പാടിയിൽ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് 1.56 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിന് 4.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>• അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പി |

| | | | |
|---|---|---|---|
| | | | ലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു.<br><br>• സാമൂഹ്യ നീതി വകുപ്പിനു കീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും, കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീസ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സഫല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകക്കുറവ് ഉള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടത്തി വരുന്നു. കുട്ടികൾക്കായി "അമൃതം" ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.<br><br>• ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനത്തിലൂടെ ശിശുമരണം 2019-ൽ 5 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2013 ൽ 31 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ഇത് ഗണനീയമായി ഓരോ വർഷവും കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു. കൂടാതെ അബോർഷൻ കേസുകൾ 77 ൽ നിന്ന് 16 ആയും ഗർഭസ്ഥ ശിശുമരണം 18 ൽ നിന്ന് 2 ആയും, ഹോം ഡെലിവറി 64 ൽ നിന്ന് 1 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെ ജനസംഖ്യയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ഇവരുടെ ഇടയിലെ രോഗാതുരതയും മരണനിരക്കും കുറച്ചു കൊണ്ടുവരുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | സി) | • സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കും വേണ്ടി നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കു മാത്രമായി 20,94,32,329/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br>• കൂടാതെ പ്രസ്തുത വിഭാഗത്തിന്റെ ജീവനോപാധി പദ്ധതി പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തുന്നതിനായി 7 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.<br>• പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളോടൊപ്പം തന്നെ പരിഗണിക്കപ്പെടേണ്ട അടിയർ, പണിയർ, അരനാടർ, മലപണ്ടാരം, ഹിൽപുലയൻ വിഭാഗങ്ങളുടെ പുരോഗതിക്കായി അടിയ, പണിയ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ വിദ്യാഭ്യാസ-ജീവനോപാധി പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങൾക്കു കൂടി ലഭ്യമാകുന്നു. നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. |
| ഡി) | പട്ടികവർഗ ആശ്വാസ നിധിയിൽ നിന്ന് എന്തെല്ലാം സഹായം നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ? | ഡി) | പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയാകുക, അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുക, മാരക രോഗങ്ങളാൽ ചികിത്സയിൽ കഴിയുക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലം വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാകുക തുടങ്ങിയവയ്ക്കാണ് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. ഇപ്രകാരം കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായമായി അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ